014546

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി- അംഗൻവാടി വർക്കർ/ഹെൽപ്പർ സ്ഥിരനിയമനം, സ്ഥലമാറ്റം സംബന്ധിച്ച സർക്കാർ ഉത്തരവുകൾ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (ബി) വകുപ്പ്

സ.ഉ(എം.എസ്) നം.31/2012/സാക്ഷേവ തീയതി, തിരുവനന്തപുരം, 30.05.2012.

---

പരാമർശം :- 1) 07.10.2010-ലെ സ.ഉ. (എം.എസ്) നം. 73/2010/സാക്ഷേവ.
2) 03.11.2010-ലെ സ.ഉ. (എം.എസ്) നം. 77/2010/സാക്ഷേവ
3) 10.11.2010-ലെ സ.ഉ. (എം.എസ്) നം. 79/2010/സാക്ഷേവ
4) 24.11.2010-ലെ സ.ഉ. (എം.എസ്) നം. 82/2010/സാക്ഷേവ
5) ഇന്ത്യൻ നാഷണൽ അംഗൻവാടി എംപ്ലോയീസ് ഫെഡറേഷൻ സമർപ്പിച്ച നിവേദനം

**ഉത്തരവ്**

അംഗൻവാടി വർക്കർ/ഹെൽപ്പർമാർ വിരമിക്കുന്നത് മുഖേനയുണ്ടാകുന്ന ഒഴുവുകളിൽ നിയമനം നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിച്ച് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ്, താല്ക്കാലികമായി നിയോഗിക്കപ്പെട്ടിരുന്ന അംഗൻവാടി വർക്കർ/ഹെൽപ്പർമാരെ സ്ഥിരം ഒഴുവുകളിലേയ്ക്ക് നിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ 15.10.2006 ന് പകരം 31.10.2010 വരെയുള്ള കാലയളവിൽ 6 മാസത്തെ സേവന കാലമുള്ള അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അതാത് പ്രോജക്ടുകളിൽ വരുന്ന ഒഴുവുകളിൽ സ്ഥിരനിയമനം നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചു പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ്, അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ സ്ഥലമാറ്റത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിച്ച് പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് എന്നിവ റദ്ദ് ചെയ്യണമെന്ന് പരാമർശം (5) പ്രകാരം ഇന്ത്യൻ നാഷണൽ അംഗൻവാടി എംപ്ലോയീസ് ഫെഡറേഷൻ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകൾ ബഹു. കേരള ഹൈക്കോടതിയുടെ **W.P.25614/2009, W.A 1528/2010** എന്നീ കേസുകളിലെ യഥാക്രമം 15.10.2009-ലെയും 29.09.2010-ലെയും ഉത്തരവിന്

അനുസൃതമല്ലാത്തതിനാൽ പരാമർശം (1), ടി ഉത്തരവിൽ ഭേദഗതിവരുത്തിയ പരാമർശം (2), പരാമർശം (3), (4) എന്നീ സർക്കാർ ഉത്തരവുകൾ ഉടൻ പ്രാബല്യത്തിൽ വരുന്ന വിധം റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.കെ.എം.എബ്രഹാം
പ്രിൻസിപ്പൽ സെക്രട്ടറി.

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർ
ശിശുവികസന പദ്ധതി ഓഫീസർമാർ (സാമൂഹ്യക്ഷേമ ഡയറക്ടർ മുഖാന്തിരം)
ധനകാര്യ വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പ്
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ ഡിപ്പാർട്ട്മെന്റ്.
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ